## ഔദ്യോഗിക വിവരത്തിന്റെ വില

ജസ്റ്റിസ് കെ. സുകുമാരൻ

**നീതിനിർവ്വഹണത്തിന്റെ കാര്യത്തിൽ തെളിവുകൾക്കാണ് പ്രാധാന്യം. മിക്കപ്പോഴും ഔദ്യോഗികരേഖകളാണ് പ്രധാനപ്പെട്ട തെളിവുകൾ. ആവലാതിക്കാരന് നീതി ലഭിക്കുന്നതിന് സഹായകമായ സമീപനമാണ് വിവരാവകാശ നിയമം വിഭാവനം ചെയ്യുന്നത്. ഔദ്യോഗിക രേഖകളാണെങ്കിൽ അവയുടെ നിജസ്ഥിതിയെപ്പറ്റി ഒരു തീരുമാനത്തിലെത്താൻ അധികം പ്രയാസം കൂടാതെ കോടതികൾക്കു കഴിഞ്ഞേക്കും.**

നിലവിലുള്ള നിയമനടപടികളിൽ തെളിവുകൾ വളരെ പ്രധാനമാണ്. രേഖകളാണെങ്കിൽ അവയുടെ നിജസ്ഥിതിയെപ്പറ്റി ഒരു തീരുമാനത്തിലെത്താൻ അധികം പ്രയാസംകൂടാതെ കോടതികൾക്ക് കഴിഞ്ഞേക്കും. ഔദ്യോഗിക രേഖകളാണെങ്കിൽ അധികമൊന്നും സംശയിക്കേണ്ടി വരില്ല. സാധാരണ ഗതിയിൽ ചിട്ടയായി തയ്യാറാക്കുന്നവയും പലവിധ പരിശോധനകൾക്കു വിധേയമാകുന്നവയും ആണ് ഔദ്യോഗിക രേഖകൾ.

പണ്ടുള്ള നിയമനടപടികളിൽ ഔദ്യോഗിക രേഖകൾ അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ പ്രസക്തമായിരുന്നുള്ളൂ. പട്ടയം, കരം ഒടുക്കുന്ന രസീതി തുടങ്ങിയവ ഭാഗകേസുകളിൽ പ്രധാനപ്പെട്ട തെളിവുകളായിരുന്നു. ഔദ്യോഗിക രേഖകളെന്ന നിലയ്ക്ക് തന്നെ.

പൗരന്റെ അവകാശം വിപുലമായതോടുകൂടി ഔദ്യോഗിക രേഖകളുടെ പ്രസക്തിയും വർദ്ധിച്ചു. ഭരണഘടന അനുവദിച്ച് കൊടുത്ത അവകാശങ്ങളും അനവധിയാണ്.

പുതിയ ഭരണസമ്പ്രദായത്തിൽ നിയമനടപടികളുടെ സ്വഭാവത്തിനു തന്നെ അടിസ്ഥാനപരമായ മാറ്റം വന്നു. ഭരണകൂടത്തിനെതിരായിതന്നെ നീതി തേടാൻ പൗരന്മാർ മുന്നോട്ട് വന്നു. അവരുടെ അവകാശം സ്ഥാപിച്ചെടുക്കാൻ തെളിവുകൾ ആവശ്യമായിരുന്നു. പലപ്പോഴും ഔദ്യോഗിക രേഖകൾ പ്രധാനപ്പെട്ട തെളിവുകളായിരുന്നു. പൗരന്മാർ തമ്മിൽ വിവേചനം പാടില്ല എന്ന് അനുശാസിക്കുന്ന ഭരണഘടനയുടെ 14-ാം കല്ലിൽ മാറ്റുരച്ച് നോക്കിക്കൊണ്ടാണ് കോടതികൾ തീരുമാനിക്കുന്നത്. സർക്കാർ നൽകുന്ന സൗജന്യത്തിൽ പോലും തുല്യത വേണമെന്ന് ഇന്നത്തെ നിയനിർവ്വചനം.

ഉദ്യോഗസ്ഥന്മാർ തന്നിഷ്ടം കാട്ടിയാൽ തന്നെ അതിനെ തടുക്കാൻ പൗരന്മാർക്ക് പലപ്പോഴും കഴിയുമില്ലായിരുന്നില്ല. വിവേചനപരമായി പെരുമാറി എന്ന് പറഞ്ഞാൽ പോരാ. അതിനുള്ള തെളിവ് നൽകാൻ ആവലാതിക്കാരനും ബാദ്ധ്യതയുണ്ട്. പൊതുജനസംസാരം അഴിമതി ഉണ്ടെന്ന വസ്തുത സൂചിപ്പിച്ചേക്കാം. പക്ഷെ കോടതിയെ സംബന്ധിച്ചിടത്തോളം സന്ദേശങ്ങളിലും സംശയങ്ങളിലും അടിസ്ഥാനപ്പെടുത്തി ഒരു തീരുമാനവും വിധിപ്രഖ്യാപനവും അനുവദനീയമല്ല. 1970 കളിൽ കശുവണ്ടി ഫാക്ടറികളിലേക്ക് കൊണ്ടുവന്നിരുന്ന തോട്ടണ്ടി കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലായി. ഫാക്ടറി പ്രവർത്തിക്കാനുള്ള നല്ലൊരു ഭാഗം തോട്ടണ്ടിയും ആഫിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. ഉദ്യോഗസ്ഥന്മാർ ഓരോരുത്തരുടെ കേസിലും തോന്നുന്ന രീതിയിൽ ഒരു തടസ്സം കോട്ടാനിഷേധത്തിന് കാരണമായി പതിക്കും. അതേ സാഹചര്യത്തിൽ തന്നെ മറ്റൊരു ഫാക്ടറി ഉടമയ്ക്ക് കോട്ട നിൽക്കുകയും ചെയ്യും. വസ്തുതകൾ ചൂണ്ടിക്കാണിച്ചാൽ കോടതി പ്രതികരിക്കും. പക്ഷെ എങ്ങനെയാണ് ഒരു ഫാക്ടറി ഉടമ ഇതുപോലുള്ള വിവരങ്ങൾ സമ്പാദിക്കുന്നത് ?

യൂനസ് കുഞ്ഞിന്റെ റിട്ട് ഹർജ്ജിക്കുശേഷം കൊച്ചു കൊച്ചു ഫാക്ടറി ഉടമകൾ നിരവധി പേർ കോടതിയിലെത്തി. തങ്ങൾക്കും കിട്ടും അല്പം ആശ്വാസം എന്നവർ പ്രതീക്ഷിച്ചു. ഇങ്ങനെ നിരവധി പേർ ഒന്നിച്ച് ഒരിടത്ത് സമ്മേളിച്ചപ്പോഴാണ് പരസ്പര വിരുദ്ധങ്ങളും വിവേചനപൂരിതങ്ങളുമായി ഉദ്യോഗസ്ഥ നടപടികൾ മനസ്സിലാക്കാൻ കഴിഞ്ഞത്. ആകസ്മികമായിട്ടാണ് ഔദ്യോഗിക വിവരങ്ങൾ വ്യവസായത്തിലുള്ളവർക്ക് അന്യോന്യം കൈമാറാൻ കഴിഞ്ഞത്.

അറിയനാനുള്ള അവകാശം ഉണ്ടായിരുന്നെങ്കിൽ ഔദ്യോഗിക രേഖകൾ ഹാജരാക്കാൻ ഭരണാധികാരികളെ നിർബന്ധിക്കുമായിരുന്നു. ഔദ്യോഗിക രഹസ്യങ്ങളുടെ പരിരക്ഷ അത്തരം രേഖകൾക്ക് ലഭിക്കുമെന്നൊരു തെറ്റായ ധാരണ ന്യാധിപന്മാരിൽ ചിലർവച്ച് പുലർത്തിയിരുന്നതാണ്.

വലതായാലും ഇടതായാലും ശരി സർക്കാർ എന്ന സംവിധാനത്തിന്റെ അധികാരത്തിൽ വകവയ്ക്കാൻ ഒരു ഭരണകക്ഷിയും സമ്മതിക്കാറില്ല. ഇടതുപക്ഷ നേതൃത്വത്തിലുള്ള ഭരണത്തിലും ഇത്തരം ഒരു സംഭവം ഉണ്ടായി.

ബാർ ലൈസൻസ് എന്നും അഴിമതി ആരോപണത്തിന്റെ കേന്ദ്രബബിന്ദുവായിരുന്നുവല്ലോ. ഉദ്യോഗസ്ഥതലത്തിൽ കാര്യങ്ങളെല്ലാം ശരിയാണെന്ന് രേഖാമൂലം തെളിയിക്കപ്പെട്ടിട്ടും ആ റിപ്പോർട്ടിനെ മറികടന്ന് ലൈസൻസ് നിഷേധിക്കാൻ മറ്റ് പ്രേരണകളാൽ അത്യുന്നതത്തിലുള്ളവർ തീരുമാനിച്ചു. കൈക്കൂലി കൊടുക്കാൻ തയ്യാറല്ലെന്ന് ആദർശനിഷ്ഠയുള്ള വ്യാപാരിയും നിർബന്ധം പിടിച്ചു. നിയമനടപടികളായി പ്രശ്നം കോടതിയിലെത്തി.

വിവേചനപരമായിട്ടാണ് ഗവൺമെന്റ് പെരുമാറുന്നതെന്ന് സ്ഥാപിക്കാൻ നഗരത്തിൽ നൽകിയിട്ടുള്ള ലൈസൻസുകളുടെ വിവരം സഹായകരമായിരുന്നു. അവയുടെ എല്ലാം ഔദ്യോഗിക ഫയലുകൾ കോടതിയിൽ ഹാജരാക്കാനും ഹർജിക്കാരന് അവ പരിശോധിക്കാൻ അവസരം നൽകാനുമുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടു. സർക്കാർ അപേക്ഷയെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തു.

ജസ്റ്റീസ് ചന്ദ്രശേഖര മേനോനായിരുന്നു ഹർജിയിൽ വാദം കേട്ട ന്യായാധിപൻ. നീതി നിർവ്വഹണത്തിന്റെ കാര്യത്തിലും പൗരന്റെ അവകാശസംരക്ഷണത്തിലും അതിതീഷ്ണമായ അവകാശം കാണിക്കുന്ന അധികം ന്യായാധിപന്മാർ ഉണ്ടെന്ന് തോന്നുന്നില്ല.

പടിഞ്ഞാറൻ കോടതികളിൽ ഈ വിഷയത്തെപ്പറ്റി ഉദാരചിന്തകൾ ഉൾക്കൊള്ളുന്ന വിധിന്യായങ്ങൾ അപ്പോഴേക്കു നിയമരംഗത്തുള്ളവർക്ക് ലഭ്യമായിരുന്നു. നിയമത്തിന് പുരോഗമന സ്വഭാവത്തിന്റെ ശക്തിയും ജനാധിപത്യത്തിന്റെ അന്തഃസത്തയും നൽകികൊണ്ട് ശക്തമായൊരു ഉത്തരവ് ആ ന്യായാധിപൻ പുറപ്പെടുവിച്ചു. ഫയലുകൾ ഹാജരാക്കപ്പെട്ടു അവയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച്കൊണ്ട് റിട്ട് ഹർജിയിൽ വളരെയേറെ വസ്തുതാപരമായ ആരോപണങ്ങളും വിവേചനത്തെപ്പറ്റിയുള്ള വിവരങ്ങളും നൽകികൊണ്ട് റിട്ട് ഹർജിക്ക് രൂപത്തിലും ഭാവത്തിലും മാറ്റം വരുത്തി.

റിട്ട് ഹർജി വാതത്തിനാവുന്നത് ഡിവിഷൻ ബഞ്ചായിരുന്നു. അവ്യക്തമായ ആരോപണങ്ങൾ പോര വിവേചനമെന്ന പരാതി പരിഹരിക്കാൻ എന്ന് ചീഫ് ജസ്റ്റിസ് വാദത്തിനിടയിൽ സൂചിപ്പിച്ചു. ഓരോ ഫയലിന്റേയും റഫറൻസ് സഹിതം പുതിയ വിവരങ്ങൾ അടങ്ങിയ നിരവധി ആരോപണങ്ങൾ വായിക്കാൻ അഭിഭാഷകർ നിർബന്ധിതരായി. കുറേ കഴിഞ്ഞപ്പോൾ മതി മതി പരാതി പരിശോധിക്കാതെ വിധി സ്ഥാപിക്കാൻ പറ്റിയ കാര്യങ്ങൾ ഹർജിയിലുണ്ടെന്ന് കോടതിയും അഭിപ്രായപ്പെട്ടു

ആ നിയമസമരത്തിന്റെ കഥ അതിദീർഘമായ ഒന്നാണ്. സുപ്രീംകോടതിവരെ നിയമനടപടികൾ നീണ്ടുപോയി. നിഷ്പക്ഷവും നീതിയുക്തവുമായ ഒരു തീരുമാനം ഉണ്ടായേ തീരൂ എന്ന് സുപ്രീം കോടതിയുടെ നിരീക്ഷണം അപേക്ഷകന് ആശ്വാസം നൽകി. അവിഹിത പ്രതിഫലമൊന്നും കൊടുക്കാതെ തന്നെ സെൻട്രൽ ഹോട്ടൽ കേശവന് ലൈസൻസ് ലഭിച്ചു. മദ്യവ്യവസായ മേഖലയിലാണെങ്കിലും ആദർശം മുറുകെ പിടിച്ച്കൊണ്ട് വിജയിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്താനാണ് ഇദ്ദേഹത്തിന്റെ ജ്യലശേഴല ആമൃ എന്ന് പേരിട്ടത്.

അറിയാനുള്ള അവകാശം ഉറപ്പാക്കിക്കൊണ്ടുള്ള നിയമം നടപ്പിലാക്കുന്നതിന് മുപ്പതോളം കൊല്ലം മുമ്പ്തന്നെ ആ നിയമത്തിന്റെ വിപ്ലവാവേശം ഉൾക്കൊണ്ടൊരു ന്യായാധിപനും കോടതിയും കേരളത്തിലുണ്ടായിരുന്നു എന്ന് നമുക്ക് അഭിമാനിക്കാം.